മേലെഴുത്ത് നമ്പർ: **DTETVM/8924/2024-EA2 (EA)** തീയതി: **22.10.2024**

വയനാട് മുണ്ടക്കൈ, ചൂരൽമല ഉരുൾ പൊട്ടലുമയി ബന്ധപ്പെട്ട് **07.10.2024**-ലെ ഉന്നത വിദ്യാദ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഓൺലൈൻ യോഗത്തിൻ്റെ മിനിറ്റ്സ് അറിവിലേക്കും തുടര്നടപടികൾക്കുമായി അയക്കുന്നു.

**Sunilkumar C V**

**SENIOR ADMINISTRATIVE OFFICER**

പകർപ്പ്,

**1.**ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും **(www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Sunilkumar C V
Date: 24-10-2024 13:38:14

**വയനാട് മുണ്ടക്കൈ, ചൂരൽമല ഉരുൾ പൊട്ടലുമയി ബന്ധപ്പെട്ട് 07.10.2024-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഓൺലൈൻ യോഗത്തിന്റെ മിനിറ്റ്സ്**

വയനാട് മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുവാനായി നാഷണൽ സർവ്വീസ് സ്കീം നിർമ്മിച്ചു നൽകുന്ന 150 സ്നേഹ ഭവനങ്ങൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസർ, യൂണിറ്റ് പ്രിൻസിപ്പൽമാർ, രജിസ്ട്രാർമാർ, ഡയറക്ടർമാർ, എൻ.എസ്.എസ് ന്റെ ചുമതലയുള്ള സിൻഡിക്കേറ്റ് അംഗങ്ങൾ, പ്രോഗ്രാം കോർഡിനേറ്റർമാർ, എന്നിവരുടെ ഒരു ഓൺലൈൻ യോഗം ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.10.2024-ന് ഉച്ചക്ക് 2 മണിക്ക് ചേരുകയുണ്ടായി.

പ്രസ്തുത യോഗത്തിൽ ബഹു. മന്ത്രി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി.

1. എല്ലാ എൻ.എസ്.എസ്. യൂണിറ്റുകളും 2024 ഒക്ടോബർ 7 മുതൽ 30 വരെ ചൂരൽമല ദുരന്തത്തിനിരയായവർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്ക് പരമാവധി ധനസമാഹരണം നടത്തുന്നതിന് തീരുമാനിച്ചു.

2. യൂണിറ്റുകൾ സമാഹരിക്കുന്ന തുകകൾ എൻ.എസ്.എസ്. സെല്ലുകൾ സ്വരൂപിച്ച് രേഖപ്പെടുത്തി സംസ്ഥാന എൻ.എസ്.എസ് സെല്ലിലേക്ക് കൈമാറണം. ഫണ്ട് ശേഖരണം സംബന്ധിച്ച എല്ലാ നടപടികളും സുതാര്യമായിരിക്കണം.

3. സംസ്ഥാന എൻ.എസ്.എസ്. സെൽ ഭവന നിർമ്മാണ പദ്ധതിയ്ക്കായി പ്രത്യേക അക്കൗണ്ട് തുടങ്ങി സെല്ലുകളെ അറിയിച്ച് ധനസമാഹരണം സംസ്ഥാനതലത്തിൽ നടത്തണം. സർവ്വകലാശാല ഡയറക്ടറേറ്റ്, യൂണിറ്റ് തലങ്ങളിൽ ആവശ്യമെങ്കിൽ ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ ഇതിനായി പ്രത്യേക അക്കൗണ്ട് തുറക്കണം. അനുമതി നൽകേണ്ട അധികാരികൾ ആയത് സമയബന്ധിതമായി നൽകണം.

4. എല്ലാ സെല്ലുകളും വീടുനിർമ്മാണം പൂർത്തീകരിക്കാൻ അവശ്യമായ നടപടികൾ വേഗത്തിൽ എടുക്കണം.

5. ധനസമാഹരണവുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന എൻ.എസ്.എസ്. ഓഫീസിൽ നിന്നും നൽകണം.

6. ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ ഉൾപ്പെടെ എൻ.എസ്.എസ്. ന്റെ മുഴുവൻ പ്രവർത്തനങ്ങളിലും സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസിൽ നിന്നും നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം യൂണിറ്റുകൾ പ്രവർത്തിക്കേണ്ടത്. യൂണിറ്റുകൾ നടത്തുന്ന പരിപാടികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് സംസ്ഥാന നേതൃത്വവുമായി ആശയവിനിമയം നടത്തേണ്ടതാണ്

തുടർന്ന് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്ന രീതിയിൽ എല്ലാ എൻ.എസ്.എസ് യൂണിറ്റുകളും സെല്ലുകളും ധനസമാഹരണ ക്യാമ്പയിനുകൾ

സംഘടിപ്പിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസർ അറിയിച്ചു.

യോഗം 2.30 ന് അവസാനിച്ചു.